(ബി&സി) ടെലിവിഷൻ ചാനലുകളിലെ സീരിയലുകളിലെയും പരസ്യങ്ങളിലെയും അശ്ലീല ദൃശ്യങ്ങളും പദപ്രയോഗങ്ങളും നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് സെൻസറിംഗ് സംവിധാനം നിലവിലില്ല. എന്നാൽ പ്രോഗ്രാം കോഡ്, അഡ്വർട്ടൈസിംഗ് കോഡ് എന്നിവ പാലിക്കാത്ത ചാനലുകൾക്കെതിരെയുള്ള പരാതികൾ, കേബിൾ ടി.വി. നെറ്റ് വർക്ക് റെഗുലേഷൻ ആക്ട് 1995-ലെ വ്യവസ്ഥകൾക്ക് വിധേയമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന കേബിൾ ടി.വി. മോണിറ്ററിംഗ് സമിതിയിൽ വച്ച് പരിശോധിച്ച് ടി സമിതിയുടെ ശിപാർശയോടെ കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനേ സംസ്ഥാന സർക്കാരിന് കഴിയൂ.

വകുപ്പുകളിലെ വാർത്തകളും പരിപാടികളും

70 (2902) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പുകളിലെ വാർത്തകളും പരിപാടികളും സ്വകാര്യ കമ്പനികളെയും മീഡിയ കൺസൾട്ടൻസികളെയും ഏൽപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഇനത്തിൽ ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ ഏജൻസികളെയാണ് പി.ആർ.ഒ. മാർക്ക് പകരമായി നിയമിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഏതൊക്കെ വകുപ്പുകളിലാണ് പി.എസ്.സി.വഴി നിയമിച്ച പി.ആർ.ഒ. ഉള്ളതെന്നും, വിവിധ വകുപ്പുകളിലായി ആകെ എത്ര പേരെ ഇതിനകം നിയമിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) ഇതിനകം സ്വകാര്യ കമ്പനികൾക്കും മീഡിയ കൺസൾട്ടൻസികൾക്കുമായി പുറം കരാറിൽ നൽകിയ വാർത്തകളുടെയും പരിപാടികളുടെയും ഭാഗമായി കൊടുത്തു തീർക്കാനുള്ള ആകെ തുക എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

പരസ്യയിനത്തിൽ നീക്കിവച്ച തുക

71 (2903) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഓരോ വർഷവും പരസ്യത്തിനായി എന്ത് തുക വീതം നീക്കി വയ്ക്കുകയുണ്ടായെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly